**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1865** **09-12-2022 - ൽ മറുപടിയ്ക്ക്**

**വയനാട് ജില്ലയിലെ പച്ചക്കറി കൃഷിയും പ്രോത്സാഹന പദ്ധതികളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | വയനാട് ജില്ലയിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപ്പാക്കി വരുന്ന പദ്ധതികൾ വിശദമാക്കാമോ; | (എ) | സംസ്ഥാന കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി വയനാട് ജില്ലയിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി താഴെ പറയുന്ന പദ്ധതികൾ 2022-23 വർഷത്തിൽ നടപ്പിലാക്കി വരുന്നുണ്ട്.<br><br>പുരയിട കൃഷിയ്ക്കായി കർഷകർക്ക് 2,00,000 പച്ചക്കറി വിത്ത് പാക്കറ്റുകളും 8,00,000 പച്ചക്കറിതൈകളും വിതരണം ചെയ്തു. ദീർഘ കാല പച്ചക്കറിയിനങ്ങളുടെ 30,000 തൈകൾ വിതരണം ചെയ്യുന്നുണ്ട്. 2,000 യൂണിറ്റ് റൂഫ് ടോപ്പ് കൃഷി (25 ചെടിച്ചട്ടികളിലെ പച്ചക്കറി കൃഷിയ്ക്കായി 2,000 രൂപ ധനസഹായം) നടപ്പിലാക്കി വരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മറ്റു സ്ഥാപനങ്ങളിലും പ്രോജക്ടടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് പതിനഞ്ച് പ്രോജക്ടുകളിലായി 12.7 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ക്ലസ്റ്ററുകൾ അടിസ്ഥാനത്തിൽ പന്തൽ കൃഷിയ്ക്ക് ഹെക്ടറൊന്നിന് 25,000 രൂപയുടേയും പന്തലില്ലാത്ത കൃഷിയ്ക്ക് ഹെക്ടറൊന്നിന് 20,000 രൂപയുടേയും ശീതകാല പച്ചക്കറി കൃഷിയ്ക്ക് ഹെക്ടറൊന്നിന് 30,000 രൂപയുടേയും സഹായം നൽകുന്നു. 815 ഹെക്ടർ സ്ഥലത്ത് ഇത്തരത്തിൽ പച്ചക്കറി കൃഷിയ്ക്ക് പ്രോത്സാഹന സഹായം നൽകുന്നതിന് ലക്ഷ്യമിടുന്നു. പച്ചക്കറി കൃഷിയ്ക്കായി 110 സസ്യ സംരക്ഷണ ഉപകരണങ്ങൾ വാങ്ങുന്നതിന് 1,500 രൂപ വീതം 1.65 ലക്ഷം രൂപ സഹായം നൽകുന്നു. ജലസേചന പമ്പ് സെറ്റുകൾ സ്ഥാപിക്കുന്നതിന് 50 ശതമാനം സഹായം നൽകുന്നുണ്ട്. 30 ലക്ഷം രൂപ ഇതിനായി ചെലവഴിക്കപ്പെടുന്നു. 25 മഴമറകൾ സ്ഥാപിക്കുന്നതിന് 12.1 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിലുൾപ്പെടുത്തി തരിശുഭൂമി പച്ചക്കറി കൃഷിയ്ക്കും പാട്ടകൃഷിയ്ക്കും സഹായം നൽകി വരുന്നു. പരിസ്ഥിതി സൗഹൃദ ഗ്രോബാഗ് കൃഷിയും തൈകളുടെ വിതരണവും പഞ്ചായത്ത് പദ്ധതിയിലുൾപ്പെടുത്തി ചെയ്തു വരുന്നു. |
| (ബി) | പ്രസ്തുത ജില്ലയിൽ നിലവിൽ എത്ര അളവിൽ പച്ചക്കറി ഉല്പാദിപ്പിക്കപ്പെടുന്നുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) | ജില്ലയിലെ വിവിധ കൃഷിഭവനുകളുടെ പരിധിയിൽ വാണിജ്യാവശ്യത്തിനും അല്ലാതെയും പച്ചക്കറി കൃഷി ചെയ്യുന്ന വിസ്തൃതി കണക്കാക്കി ഈ വർഷം 29,265 ടൺ പച്ചക്കറിയുടെ ഉല്പാദനം പ്രതീക്ഷിക്കുന്നു. |
| (സി) | ഏത് തരം പച്ചക്കറികളാണ് വയനാട് ജില്ലയിൽ കൂടുതൽ ഉല്പാദിപ്പിക്കുന്നത്; | (സി) | വാണിജ്യ കൃഷിയ്ക്കായി പാവൽ, പടവലം, പച്ചമുളക്, കാബേജ്, ചീര, കോളിഫ്ലവർ, കുമ്പളം വെള്ളരി എന്നിവയാണ് പ്രധാനമായും ഉല്പാദിപ്പിക്കുന്നത്. കൂടാതെ വെണ്ട, തക്കാളി, സാലഡ് വെള്ളരി, മത്തൻ, ബ്രോക്കോളി, ചൈനീസ് കാബേജ്, ചൗചൗ, മറ്റ് ശീതകാല പച്ചക്കറിയിനങ്ങളും കൃഷി ചെയ്തു വരുന്നു. |
| (ഡി) | ഇങ്ങനെ ഉല്പാദിപ്പിക്കുന്ന പച്ചക്കറിയുടെ വിപണനത്തിന് എന്തെല്ലാം സഹായങ്ങളാണ് വകുപ്പ് നൽകി വരുന്നത്? | (ഡി) | വിവിധ വർഷങ്ങളിൽ നടപ്പിലാക്കിയ പച്ചക്കറി കൃഷി വികസന പദ്ധതിയുടെ ഭാഗമായുള്ള 'എ' ഗ്രേഡ് ഉൾപ്പെടെയുള്ള പച്ചക്കറി ക്ലസ്റ്ററുകളുടെ വിപണികൾ, മാർക്കറ്റ് വികസന പദ്ധതിയിലുൾപ്പെടുത്തി ആരംഭിച്ച ആഴ്ചചന്തകൾ, ഇക്കോഷോപ്പുകൾ, വെജിറ്റബിൾ പ്രൊമോഷൻ കൗൺസിൽ വിപണികൾ, ഹോർട്ടികോർപ്പ് വിപണികൾ തുടങ്ങിയവ വഴി പച്ചക്കറികൾ സംഭരിച്ച് വിപണനം നടത്തി വരുന്നു. . എഫ്.പി.ഒ. തലത്തിലും സഹകരണ സ്ഥാപനങ്ങൾ വഴിയും വ്യക്തിഗത കർഷകർ വഴിയും വിപണി സംവിധാനത്തിനും സംസ്കരണ മൂല്യ വർദ്ധനവിനും അനുയോജ്യ പ്രോജക്ടുകളും നിർദ്ദേശങ്ങളും ക്ഷണിച്ചിട്ടുണ്ട്. അത്തരം പ്രോജക്ടുകളിൽ അഗ്രിക്കൾച്ചറൽ ഇൻഫ്രാസ്ട്രച്ചർ ഫണ്ട്, എം.ഐ.ഡി.എച്ച്. തുടങ്ങിയ പദ്ധതികൾ വഴി സഹായം നൽകാവുന്നതാണ്. |

സെക്ഷൻ ഓഫീസർ